പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1366** **14. 06. 2013-** ലെ മറുപടി

<u>സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്നവർക്കായി പുനരധിവാസ പാക്കേജ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. എം. ഹംസ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്കായി പുനരധിവാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) തിരികെയെത്തിയ പ്രവാസികളെ സഹായിക്കാനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിനായി നോർക്ക മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായിവരുന്നു. |
| (ബി) എത്ര മലയാളികൾ സൗദി അറേബ്യയിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെ എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ എംബസിയിൽ ഏകദേശം 6000 – ഓളം പേർ രജിസ്റ്റർ ചെയ്തതായി എംബസി ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. |
| (സി)പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു എന്ന് വിശദമാക്കുമോ? | (സി) പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനായി നോർക്ക വകുപ്പ് മന്ത്രി ചെയർമാൻ ആയും ചീഫ് സെക്രട്ടറി കൺവീനറായും, ധനകാര്യമന്ത്രി, തൊഴിൽ മന്ത്രി, നഗര വികസനകാര്യ മന്ത്രി, റവന്യൂ മന്ത്രി, എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉപസമിതി INKEL ചെയർമാൻ അധ്യക്ഷനായും നോർക്ക വകുപ്പ് സെക്രട്ടറി കൺവീനറായും 10 അംഗങ്ങൾ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ ശാസ്ത്ര സാങ്കേതിക കച്ചവട തൊഴിൽ മേഖലകളെ വിശകലനം ചെയ്തുകൊണ്ട് ദീർഘ വീക്ഷണത്തോടുകൂടിയ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. ഈ സമിതി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കരട് റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ